**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1047** **02-02-2026 - ൽ മറുപടിയ്ക്ക്**

**പൊന്നാനി കോൾ - ഭാരതപ്പുഴ സംയോജന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി കോൾ - ഭാരതപ്പുഴ സംയോജന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | പൊന്നാനി കോൾ പ്രദേശത്തെയും ഭാരതപ്പുഴയെയും തമ്മിൽ ബന്ധിപ്പിച്ച് ജലസംഭരണവും ജലവിതരണവും മെച്ചപ്പെടുത്തുന്നതിനും കൃഷി, കുടിവെള്ളം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിൽ സമഗ്ര പുരോഗതി കൈവരിക്കുന്നതിനുമാണ് 36 കോടി രൂപയുടെ “NABARD-RIDF -XXX-INTERLINKING OF BHARATHAPUZHA AND BIYYAM LAKE IN PONNANI TALUK, MALAPPURAM DISTRICT-General Civil Work“ എന്ന പൊന്നാനി കോൾ ബിയ്യം കായൽ – ഭാരതപ്പുഴ സംയോജന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.<br><br>ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം ഭാരതപ്പുഴയിലെ ജലം കനാലുകൾ, തോടുകൾ, പൈപ്പ് ലൈനുകൾ, നിയന്ത്രണ ഘടനകൾ എന്നിവ മുഖേന പൊന്നാനി കോൾ പ്രദേശത്തേക്ക് എത്തിക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി നിലവിലുള്ള ജലവാഹിനികൾ ശുചീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്നു. അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്ത് ജലവാഹക ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഡ്രഡ്ജിംഗ്, ഡീസിൽറ്റിംഗ് പ്രവൃത്തികളും നടത്തപ്പെടുന്നു.<br><br>ജലപ്രവാഹം നിയന്ത്രിക്കുന്നതിനായി പുതിയ വി.സി.ബി-കൾ നിർമ്മിക്കുകയും പഴയ വി.സി.ബി-കൾ പുനരുദ്ധരിക്കുകയും ചെയ്യുന്നു. കൂടാതെ തോട് കരകവിഞ്ഞൊഴുകുന്നത് തടയുന്നതിനും തീരസംരക്ഷണത്തിനുമായി പ്രൊട്ടക്ഷൻ വാളുകൾ നിർമ്മിക്കുന്നതും ഉൾപ്പെടുത്തിയിട്ടുണ്ട്. ലെവൽ വ്യത്യാസമുള്ള പ്രദേശങ്ങളിൽ ജലം കാര്യക്ഷമമായി എത്തിക്കുന്നതിനായി പമ്പ് ഹൗസുകളും പമ്പിംഗ് സംവിധാനങ്ങളും സ്ഥാപിക്കുന്നു. നിർമ്മാണപ്രവൃത്തികൾ മൂലം ബാധിക്കപ്പെടുന്ന റോഡുകളും കൾവെർട്ടുകളും പുനർനിർമ്മിക്കുകയും |

| | | | |
|---|---|---|---|
| | | | ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ബോക്സ് കൾവെർട്ടുകൾ നിർമ്മിക്കുകയും ചെയ്യുന്നു.<br><br>ഈ പദ്ധതി നടപ്പിലാക്കുന്നതോടെ പൊന്നാനി കോൾ പ്രദേശത്തും സമീപ പഞ്ചായത്തുകളിലും ജലക്ഷാമം ഗണ്യമായി കുറയും. കൃഷിക്ക് ആവശ്യമായ ജലലഭ്യത വർദ്ധിക്കുകയും പുഞ്ച, മുണ്ടകൻ തുടങ്ങിയ കൃഷികൾ വ്യാപകമാകുകയും ചെയ്യും. വേനൽക്കാലങ്ങളിൽ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം ലഭിക്കുകയും പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് ഇത് സഹായകമാകുകയും ചെയ്യും. |
| (ബി) | പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്ന നിയോജക മണ്ഡലങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്ന നിയോജകമണ്ഡലങ്ങൾ പൊന്നാനി, തവനൂർ, കുന്നംകുളം, ഗുരുവായൂർ & ചാവക്കാട് എന്നിവയാണ്. |
| (സി) | പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്; വിവരം ലഭ്യമാക്കാമോ? | (സി) | ടി പദ്ധതി 2027-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ